**INFORMATION KERALA MISSION**
(an autonomous Institution under the Local Self Government Department, Govt.of Kerala)

08.04.2019

# കുറിപ്പ്

27.03.2019-ന് ഉച്ചയ്ക്ക് 2:30 മണിക്ക് തിരുവനന്തപുരം, തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 3-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകാരത്തിനായി ഇതോടൊപ്പം സമർപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം
**(മെമ്പർ സെക്രട്ടറി)**

27/5/2019

അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്
**(വൈസ് ചെയർമാൻ)**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
**(ചെയർമാൻ)**

TAPPAL
Secretary LSGD
27 MAY 2019
Thiruvananthapuram

www.ikm.gov.in

Swaraj Bhavan,Ground Floor, Nandancode,.
Kowdiar PO, Thiruvananthapuram, Kerala, India, PIN 695 003
Tel.0471-2773100, Fax. 2726111, Email:ikm@ikm.org.in

ICTs for Transparancy and Efficiancy

"ഭരണ ഭാഷ – മാതൃഭാഷ"

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

## 27.03.2019 -ന് ഉച്ചയ്ക്ക് 2.30 മണിക്ക് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 3-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.എ.സി.മൊയ്തീൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | **ചെയർമാൻ** |
| 2 | ശ്രീ.ടി.കെ.ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **വൈസ് ചെയർമാൻ** |
| 3 | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ, കൗൺസിൽ പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ | **മെമ്പർ** |
| 4 | ശ്രീ.വി.വി.രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻ ചേംബർ | **മെമ്പർ** |
| 5 | ശ്രീ.ആർ.സുഭാഷ്, പ്രസിഡന്റ്, കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ | **മെമ്പർ** |
| 6 | ശ്രീ.എൻ. പത്മകുമാർ, ഗ്രാമ വികസന കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ് | **മെമ്പർ** |
| 7 | ശ്രീമതി.കെ.എസ്.ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 8 | ശ്രീ.എസ്.ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | **മെമ്പർ** |
| 9 | ശ്രീ.വി.എസ് മനോജ്, സീനിയർ സൂപ്രണ്ട്, നഗരകാര്യ വകുപ്പ് | **മെമ്പർ** |
| 10 | ഡോ.ജോയ് ഇളമൺ, ഡയറക്ടർ, കില | **മെമ്പർ** |
| 11 | ഡോ.എസ് ചിത്ര, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | **മെമ്പർ** |
| 12 | ശ്രീ ഡോ.എസ് ചിത്ര, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | മെമ്പർ സെക്രട്ടറി |

ഐ.കെ.എമ്മിന്റെ നിലവിലുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളെ പറ്റിയും ഭാവി പ്രവർത്തനങ്ങളെ പറ്റിയും എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിനുമേൽ ചർച്ചകൾ നടത്തുകയും ചെയ്തു.

ആയതിനുശേഷം നിലവിലുള്ള ആപ്ലിക്കേഷനുകളുടെ PPT അവതരിപ്പിച്ചു. ആയതിൽ വിശദമായ ചർച്ചകൾ നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ ഏടുക്കുകയും ചെയ്തു.

16.01.2019 ൽ കൂടിയ രണ്ടാമത് ഗവേണിംഗ് ബോഡി യോഗത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടെ ജനസേവന കേന്ദ്രങ്ങളുമായി ഐ.കെ.എമ്മിന്റെ പ്രോപ്പർട്ടി ടാക്സ് ആപ്ലിക്കേഷൻ ആയ സഞ്ചയ Integrate ചെയ്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നിരിക്കെ മാർച്ച് മാസത്തിൽ പ്രോപ്പർട്ടി ടാക്സ് നിയമത്തിൽ വന്ന തിരുത്തലുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുവാനായി കൂടുതൽ സമയം ആവശ്യമായിവന്നു. ആയത് കണക്കിലെടുത്ത് ഇന്റഗ്രേഷൻ 2019 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു.

നഗരങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി പട്ടണങ്ങളിൽ 90 ശതമാനവും ഗ്രാമീണ മേഖലകളിൽ 50 ശതമാനവും ഇ-പേയ്മെന്റ് അടുത്ത സാമ്പത്തിക വർഷം എത്തിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ ഐ.കെ.എം നടത്തണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കായി മേയേഴ്സ് കൗൺസിൽ പ്രസിഡന്റുമായും, മുനിസിപ്പൽ ചെയർമെൻ ചേംബറുമായും, ഗ്രമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമായും ചർച്ചചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചു.

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിനോദനികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിന്യസിക്കേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഐ.ടി @ സ്കൂൾ നടപ്പിലാക്കിയ കുട്ടികളുടെ ഹാജർ മോണിറ്റർ ചെയ്യാൻ ഡെവലപ്പ്ചെയ്ത സോഫ്റ്റ്‌വെയറുമായി കൂട്ടിയോജിപ്പിക്കുന്നത് നന്നായിരിക്കും എന്ന് യോഗം അഭിപ്രായപ്പെട്ടു.

ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ഇ.ആർ.പി ടീമിലുള്ള കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിതനായ ടെക്നിക്കൽ ആർക്കിടെക്റ്റിന്റെ കാലാവധി അവസാനിക്കാറായെന്നും ആയത് നീട്ടി നൽകുന്നതിനെ പറ്റിയും പ്രതിപാദിച്ചു. ആയതിന് മറുപടിയായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഐ.കെ.എമ്മിലെ ടെക്നിക്കൽ ജീവനക്കാരെ ഇ.ആർ.പിയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലിചെയ്യുന്ന വ്യക്തികളോടൊപ്പം വിന്യസിക്കുകയും, അവരുടെ പ്രവർത്തനങ്ങളിൽ അവഗാഹമുണ്ടാക്കി അവർചെയ്തുവരുന്ന ജോലികൾ അവരുടെ കാലാവധിക്കുശേഷം ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതുമാണെന്ന് അഭിപ്രായപ്പെട്ടു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പരാതികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു Integrated Helpdesk സംവിധാനം നടപ്പിലാക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ഐ.കെ.എമ്മിലെ ജീവനക്കാർ കാലാനുസൃതമായി പുതിയ ടെക്നോളജികളും, ഇ-ഗവേണൻസിൽ ഉണ്ടാകുന്ന മാറ്റങ്ങളും പുതിയ മാനേജ്മെന്റ് രീതികളും

സ്വായത്തമാക്കേണ്ടതാണെന്നും, ആയതിനായി ആവശ്യമുള്ള കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കുകയും, ആയതിലൂടെ ഐ.കെ.എം ആപ്ലിക്കേഷനുകളുടെ ഗുണനിലവാരം ഉയർത്തേണ്ടതുമാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടെന്നും, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള അനോമലികൾ ഉടൻ തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ഇ.ആർ.പി പ്രോജക്ടിന്റെ ആദ്യ ഘട്ടം 2019 ജൂലൈ 15 ന് പൂർത്തീകരിക്കുന്നതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) അറിയിച്ചു. ഇ.ആർ.പി പ്രോജക്ടിന്റെ ആവശ്യത്തിലേക്കായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് Model code of conduct തടസ്സമില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

**അജണ്ട-1**

**വിഷയം: രണ്ടാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

16.01.2019- ന് സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, റൂം നമ്പർ-149, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ച് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി & ഗവേണിംഗ് ബോഡി ചെയർമാൻ അദ്ധ്യക്ഷതയിൽ കൂടിയ ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 2-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: രണ്ടാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച്.**

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-2 | 2016-17, 2017-18 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2016-17, 2017-18 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അടുത്ത ഗവേണിംഗ് ബോഡിയിൽ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദ്ദേശിച്ചു.<br>1. പ്രവർത്തന റിപ്പോർട്ടിനോടൊപ്പം പ്രസ്തുത വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.<br>2. വാർഷിക റിപ്പോർട്ടിൽ പ്രസ്തുത കാലയളവിൽ ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകൾ ഏതൊക്കെയാണെന്നും, ആയതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്നും ഉൾപ്പെടുത്തേണ്ടതാണ്. | 2016-17, 2017-18 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിൽ പ്രസ്തുത വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകൾ കൂടി ഉൾപ്പെടുത്തി വാർഷിക റിപ്പോർട്ടായി 27.03.2019 ന് ചേരുന്ന ഗവേണിംഗ് ബോഡിയിൽ **അജണ്ട-5** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാർഷിക റിപ്പോർട്ടിൽ പ്രസ്തുത കാലയളവിൽ ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകൾ ഏതൊക്കെയാണെന്നും, ആയതിന്റെ പ്രധാന സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-3 | 2017-2018 വർഷത്തിൽ കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്. | വിശദമായ റിപ്പോർട്ട് അടുത്ത ഗവേണിംഗ് ബോഡിയിൽ ചർച്ച ചെയ്യുന്നതിനായി മാറ്റിവച്ചു. ഐ.കെ.എം ഡെവലപ്പ് ചെയ്തതും, തദ്ദേശ ഭരണസ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിൽ പ്രവർത്തിക്കുന്നതുമായ സോഫ്റ്റ്‌വെയറുകളുടെ ഒരു പ്രസന്റേഷൻ (PPT) തയ്യാറാക്കി അടുത്ത ഗവേണിംഗ് ബോഡി യോഗത്തിൽ അവതരിപ്പിക്കാൻ യോഗം നിർദ്ദേശിച്ചു. ആയതിൽ പ്രസ്തുത കാലയളവിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ കൂടി ഉൾപ്പെടുത്താനും യോഗം നിർദ്ദേശം നൽകി. | സോഫ്റ്റ്‌വെയറുകളുടെ ഒരു പ്രസന്റേഷൻ (PPT) തയ്യാറാക്കിയിട്ടുണ്ട്. 27.03.2019 ന് ചേരുന്ന ഗവേണിംഗ് ബോഡിയിൽ PPT അവതരിപ്പിക്കുന്നതാണ്. |
| അജണ്ട-4 | 2018-19 ലേക്ക് നിർദ്ദേശിക്കുന്ന പരിപാടി, ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2018-19 ലെ ബഡ്ജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. അടുത്ത വർഷത്തെ ബഡ്ജറ്റ് (2019-20) 2019 മാർച്ചിനു മുമ്പ് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അടുത്ത ഗവേണിംഗ് ബോഡിയിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു. | 2019-20 ലെ ബഡ്ജറ്റ് 25.03.2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും, 27.03.2019 തീയതിയിൽ കൂടാൻ തീരുമാനിച്ചിട്ടുള്ള ഗവേണിംഗ് ബോഡിയിൽ അജണ്ട-8 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| അജണ്ട-5 | 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് ചെയ്തവരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2014-15, 2015-16 എന്നീ വർഷങ്ങളിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ താഴെ പറയുന്ന നിബന്ധനകളോടെ അംഗീകരിച്ചു.<br>1. 3 മാസത്തിൽ കൂടുതലായിട്ടുള്ള അഡ്വാൻസുകൾ ഉടൻ തന്നെ Settle ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.<br>2. ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള ഐ.കെ.എമ്മിന്റെ മറുപടി സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന് ധനകാര്യവകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. 2014-15, 2015-16, എന്നീ വർഷങ്ങളിലെ ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള മറുപടി ഐ.കെ.എമ്മിന്റെ അഭിപ്രായകുറിപ്പോടുകൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു. | ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അഡ്വാൻസ് കുടിശ്ശിക ഈടാക്കി വരുന്നു. ശേഷിക്കുന്ന തുകകൾ 2019 മാർച്ച് മാസത്തെ ശമ്പളത്തിൽ നിന്നും റെക്കവറി ചെയ്യുന്നതാണ്.<br>2014-15, 2015-16 എന്നീ വർഷങ്ങളിലെ ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള മറുപടി ഐ.കെ.എമ്മിന്റെ അഭിപ്രായകുറിപ്പോടുകൂടി 25.03.2019 ന് ചേർന്ന 19–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-6 | 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2016-17 വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള ഐ.കെ.എമ്മിന്റെ മറുപടി, പ്രസ്തുത വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ഉൾപ്പെടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അടുത്ത ഗവേണിംഗ് ബോഡിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. | ആഡിറ്റർമാരുടെ റിമാർക്ക്സിനുള്ള ഐ.കെ.എമ്മിന്റെ മറുപടി, പ്രസ്തുത വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ഉൾപ്പെടെ 25.03.2019 ന് ചേർന്ന 19-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. |

<u>തീരുമാനം</u>

കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. 3 മാസത്തിൽ കൂടുതൽ ഉള്ള സെറ്റിൽ ചെയ്തിട്ടില്ലാത്ത പ്രോജക്റ്റ് അഡ്വാൻസുകൾ ഒരു മാസത്തിനകം സെറ്റിൽ ചെയ്യേണ്ടതാണെന്ന് ഗവേണിംഗ് ബോഡി അറിയിച്ചു. ഇനിയും പ്രോജക്റ്റ് അഡ്വാൻസുകൾ സെറ്റിൽ ചെയ്യാനുള്ള ജീവനക്കാരുടെ പേരും, മേൽവിലാസവും സഹിതം ഐ.കെ.എം വെബ്സൈറ്റ് പ്രസിദ്ധപ്പെടുത്തണമെന്നും കമ്മിറ്റി അറിയിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ സമയപരിധി: 30.04.2019

**<u>അജണ്ട-3</u>**

**വിഷയം: 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

അംഗീകരിച്ചു. എല്ലാ അഡ്വാൻസുകളും പരമാവധി 3 മാസത്തിനകം സെറ്റിൽ ചെയ്യണമെന്നും, ആഡിറ്റർ മാരുടെ മറുപടി അക്കൗണ്ട്സ് വിഭാഗം പരിശോധിക്കുന്നില്ലെന്നും, ആയത് വേണ്ടത്ര രീതിയിൽ പരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു.

നടപടി: അക്കൗണ്ട്സ് ഓഫീസർ സമയപരിധി: 30.04.2019

**<u>അജണ്ട-4</u>**

**വിഷയം: 2017-18 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

അംഗീകരിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ സമയപരിധി: 30.04.2019

**<u>അജണ്ട -5</u>**

**വിഷയം: 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു. വാർഷിക റിപ്പോർട്ടിൽ അതാത് വർഷം നടപ്പിലാക്കിയ പദ്ധതികളും അവയുടെ വരവ് ചെലവ് കണക്കും മാത്രം ഉൾപ്പെടുത്തിയാൽ മതി എന്ന് യോഗം അറിയിച്ചു. ഓരോ സോഫ്റ്റ്‌വെയറുകളുടെയും ഇംപ്ലിമെന്റേഷൻ സ്റ്റാറ്റസ്, യഥാർത്ഥ Output എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

നടപടി: അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ)

**അജണ്ട -6**

**വിഷയം: 2018-2019 വർഷത്തിൽ കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ സംബന്ധിച്ച്.**

**തീരുമാനം**

2018-2019 വർഷത്തിൽ കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ ഗവേണിംഗ് ബോഡിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**അജണ്ട -7**

**വിഷയം: 2019-20 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

ഇ.ആർ.പി പ്രോജക്റ്റ് 2019 ഡിസംബറിനുള്ളിൽ എല്ലാ മോഡ്യൂളുകളും പൂർത്തീകരിക്കേണ്ടതാണെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു. ആയതിനു വേണ്ട പ്രൊപ്പോസൽ തയ്യാറാക്കി ബഹു. വകുപ്പ് മന്ത്രിക്കും, അഡീഷണൽ ചീഫ് സെക്രട്ടറിക്കും നൽകുവാനും ആയതിൻമേൽ ചർച്ച നടത്തുവാനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇ.ആർ.പി പ്രോജക്റ്റ് കേന്ദ്രസർക്കാരിന്റെ ആപ്ലിക്കേഷനുകളുമായി കൂടിയോജിച്ച് പ്രവർത്തിക്കുന്ന രീതിയിലാകണം ഡെവലപ്പ് ചെയ്യേണ്ടതെന്ന് യോഗം നിർദ്ദേശിച്ചു.

IBPMS ആപ്ലിക്കേഷൻ പോലെ സങ്കേതം ആപ്ലിക്കേഷനിൽ ബിൽഡിംഗ് റൂൾസിന്റെ എല്ലാ സവിശേഷതകളും കൂട്ടിച്ചേർത്ത് intelligent സോഫ്റ്റ്‌വെയറാക്കി മാറ്റണമെന്നും യോഗം നിർദ്ദേശിച്ചു. (പ്ലാനുകൾ അപ്‌ലോഡ് ചെയ്ത് Automatic ആയി ബിൽഡിംഗ് റൂളുകൾ പരിശോധിക്കുന്ന രീതിയിലേക്ക്)

**അജണ്ട -8**

**വിഷയം: 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും, മുൻ വർഷങ്ങളിൽ പിരിച്ചെടുക്കാനുള്ള തുകകൾ, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പൽ അസോസിയേഷനുകളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും യോഗം അറിയിച്ചു.

നടപടി: അക്കൗണ്ട്സ് ഓഫീസർ

സമയപരിധി: 30.04.2019

**അഡീഷണൽ അജണ്ടകൾ**

**അജണ്ട -1**

**വിഷയം: കോഴിക്കോട് കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ മെയിൻ ഓഫീസുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ചീഫ് രജിസ്ട്രാറുമായി കൂടിയോലോചിച്ച് ഉചിതമായ നടപികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

**അജണ്ട -2**

**വിഷയം:തദ്ദേശ സ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ ഡയറക്ടറേറ്റിനു വേണ്ടി സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുന്നത് സംബന്ധിച്ച്.**

**തീരുമാനം**

പ്രൻസിപ്പൽ ഡയറക്ടറേറ്റിനു വേണ്ടി വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ റിക്വയർമെന്റ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുമെന്നും ആയതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റുമായി ചർച്ച ചെയ്ത് സോഫ്റ്റ്‌വെയർ ഡെവലപ്പ്ചെയ്ത് നൽകുവാനും തീരുമാനിച്ചു.

യോഗം 4.30 ന് അവസാനിച്ചു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**ശ്രീ.എ.സി.മൊയ്തീൻ**
**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**
**(ചെയർമാൻ)**